STATE POLICE MEDIA CENTRE
KERALA

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.365/PR/SPMC/PHQ/2021 Date:17.08.2021

## ഒളിമ്പ്യൻ സജൻ പ്രകാശിന് പോലീസ് ആസ്ഥാനത്ത് സ്വീകരണം നൽകി

ടോക്കിയോ ഒളിമ്പിക്സിൽ പങ്കെടുത്ത് മടങ്ങിയെത്തിയ നീന്തൽതാരം സജൻ പ്രകാശിന് പോലീസ് ആസ്ഥാനത്ത് ഊഷ്മളമായ സ്വീകരണം നൽകി. സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് പൂച്ചെണ്ട് നൽകി അദ്ദേഹത്തെ സ്വീകരിച്ചു. കേരള ഒളിമ്പിക് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് വി.സുനിൽ കുമാറും സജൻ പ്രകാശിന് പൂച്ചെണ്ട് സമ്മാനിച്ചു.

പോലീസ് സേനയുടെ സ്മരണിക സജൻ പ്രകാശിന് സംസ്ഥാന പോലീസ് മേധാവി കൈമാറി. സേനയുടെ പാരിതോഷികമായി മൂന്ന് ലക്ഷം രൂപയുടെ ചെക്കും സജൻ പ്രകാശിന് സമ്മാനിച്ചു.

നേരത്തെ ഡൽഹിയിൽ നിന്ന് തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയ സജൻ പ്രകാശിന് ഹൃദ്യമായ വരവേൽപ്പ് നൽകി. പോലീസ് ബാന്റ്, കുതിര പോലീസ്, മോട്ടോർ സൈക്കിൾ, പോലീസ് കമാൻഡോ സംഘം എന്നിവയുടെ അകമ്പടിയോടെയാണ് പോലീസ് ആസ്ഥാനത്തേക്ക് അദ്ദേഹത്തെ ആനയിച്ചത്.

ഫോട്ടോ ക്യാപ്ഷൻ

1. സജൻ പ്രകാശിനെ വിമാനത്താവളത്തിൽ നിന്ന് പോലീസ് ആസ്ഥാനത്തേയ്ക്ക് ആനയിക്കുന്നു.

2. സജൻ പ്രകാശിന് സംസ്ഥാന പോലീസ് മേധാവി അനിൽ കാന്ത് സ്മരണിക സമ്മാനിക്കുന്നു.

*******************